# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

11.06.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2051

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.എ.എം. ആരിഫ്
ശ്രീ.പി. ഉണ്ണി
ശ്രീ.ജോർജ് എം. തോമസ്

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) രാജ്യത്തൊട്ടാകെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക സുരക്ഷയൊരുക്കുന്നതിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കുമോ; | (എ) സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പ വരുത്തുന്ന തരത്തിൽ സംസ്ഥാനത്ത് പിങ്ക് പട്രോൾ, പഞ്ചായത്ത് അദാലത്ത്, വനിതാ ഹെൽപ്പ് ലൈൻ, സെൽഫ് ഡിഫൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ വനിതാ പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്രയായിരുന്നു; വനിതാ പോലീസ് ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസ് ഓഫീസർമാരെ കൂടി നിയമിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ വനിതാ പോലീസ് സേനാംഗങ്ങളുടെ എണ്ണം 3683 ആയിരുന്നു. സർക്കാർ ഉത്തരവ് (എം.എസ്) നം.15/2017/ആഭ്യ. തീയതി 30.01.2017 പ്രകാരം കേരളത്തിൽ ഒരു വനിത ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. |
| (സി) ഒറ്റപ്പെട്ട ചില കേസ്സുകളിലെങ്കിലും പരാതികൾ ലഭിച്ചാൽ സത്വരമായി നടപടിയെടുക്കുന്നതിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ ദ്രുതഗതിയിൽ അന്വേഷണവും തുടർ വിചാരണയും നടക്കുന്നുവെന്ന് ഉറപ്പ വരുത്താൻ സാധ്യമായിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിലെ ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ ക്രൈം നം.745/18 u/s 450, 427, 323, 365, 302, 102(B), 34 IPC നമ്പർ കേസ്സിൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ആയിരുന്ന എം.എസ്.ഷിബു, എ.എസ്.ഐ.(ജി) സണ്ണിമോൻ, എ.എസ്.ഐ.(ജി) ബിജു, സി.പി.ഒ അജയകുമാർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. |

റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങൾ താമസംവിനാ കേസ്സ് രജിസ്റ്റർ ചെയ്ത് കാര്യക്ഷമമായി അന്വേഷണം നടത്തി ബന്ധപ്പെട്ട കോടതികൾക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും വിചാരണ നടപടികൾ ദ്രുതഗതിയിലാക്കുന്നതിന് പോലീസിന്റെ ഭാഗത്തു നിന്നും കൈക്കൊള്ളേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) സ്ത്രീകൾക്ക് സ്വയം പ്രതിരോധ പദ്ധതിയോടൊപ്പം സാമൂഹ്യ ബോധവത്കരണ പദ്ധതിയും ഫലപ്രദമായി നടപ്പാക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ?

(ഡി) സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിപായി സംഘടിപ്പിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം മുതൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ധനസഹായം നൽകി വരുന്നുണ്ട്. 2015-16 ൽ 150 ലക്ഷം രൂപയും, 2016-17 ൽ 100 ലക്ഷം രൂപയും, 2017-18 ൽ 100 ലക്ഷം രൂപയും, ഇതിനായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ നേരിടുന്നതിനും, അവരെ കായികവും മാനസികവുമായി പ്രാപ്തരാക്കുന്നതിന് സ്വയം പ്രതിരോധ പരിശീലനവും ബോധവൽക്കരണവും പോലീസ് സേനയുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. അതാത് ജില്ലകളിലെ സ്കൂൾ, കോളേജ്, റസിഡന്റ്സ് അസോസിയോഷൻ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ എസ്.സി.എസ്.ടി കോളനികൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലന ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

(signature)

സെക്ഷൻ ഓഫീസർ